**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2777** **10-03-2025 - ൽ മറുപടിയ്ക്ക്**

**ഇ-ഗ്രാന്റ് മാസംതോറും നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ഇ-ഗ്രാന്റ് മാസംതോറും നൽകുന്നതിന് പകരം വർഷത്തിൽ ഒരുതവണ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | ഉണ്ട്. കേന്ദ്ര സർക്കാറിന്റെ 2021 ലെ പുതുക്കിയ സ്കോളർഷിപ്പ് മാർഗ്ഗ നിർദ്ദേശം അനുസരിച്ച് അക്കാഡമിക് അലവൻസുകൾ ഉൾപ്പെടെയുള്ള സ്കോളർഷിപ്പുകൾ കോഴ്സ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഒറ്റതവണയായ് വിതരണം ചെയ്യേണ്ടതുണ്ട്.<br><br>2.5 ലക്ഷത്തിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ള വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് കേന്ദ്ര സംസ്ഥാനസർക്കാരുകൾ സംയുക്തമായി വഹിക്കുന്നതിനാൽ സ്കോളർഷിപ്പുകൾ പ്രതിവർഷം ഒറ്റത്തവണയായി മാത്രമേ നൽകാനാവൂ.<br><br>ഇ-ഗ്രാന്റ്സ് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതിയിൽ പൂർണ്ണമായും സംസ്ഥാന സർക്കാർ ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്യുന്ന ഗവേഷണ വിദ്യാർത്ഥികളുടെ പ്രതിമാസ ഫെല്ലോഷിപ്പ് ,ഹോസ്റ്റലേഴ്സായ വിദ്യാർത്ഥികളുടെ ABLC എന്നിവ പ്രതിമാസം തന്നെയാണ് നിലവിലും അനുവദിക്കുന്നത്. |
| (ബി) | മാസാമാസം പ്രസ്തുത സഹായം ലഭിക്കാത്തതുമൂലം നിരവധി കുട്ടികളുടെ പഠനം പ്രതിസന്ധിയിലായ സാഹചര്യം ഗൗരവമായി കാണുന്നുണ്ടോ; | (ബി) | പഠനം പ്രതിസന്ധിയിലായ സാഹചര്യം നിലവിൽ ഇല്ല . |
| (സി) | ഇ-ഗ്രാന്റ് മാസംതോറും നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി കേന്ദ്ര വിഹിതം കൂടി ഉൾപ്പെടുന്ന പദ്ധതിയാണ്. കേന്ദ്ര സർക്കാർ നിർദ്ദേശം പാലിച്ചാണ് നിലവിൽ ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് വിതരണം നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ